പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5119 30.06.2014 ൽ മറുപടിക്ക്

## കേരള പോലീസ് ആക്ട് പ്രകാരമുള്ള ശിക്ഷാ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി അയിഷാ പോറ്റി** | **രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| **എ)** കേരള പോലീസ് ആക്ട് (2011) വകുപ്പ് 101 ഉപവകുപ്പ് 6 പ്രകാരം, ഉപവകുപ്പ് 4 (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷാ നടപടികൾ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റത്തിന് തടസ്സമായി പരിഗണിക്കാറുണ്ടോ;<br>**ബി)** ഇല്ലെങ്കിൽ പ്രസ്തുത ശിക്ഷാ നടപടികൾ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റത്തിന് തടസ്സമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ) യും (ബി) യും**<br>ഇല്ല. കേരള പോലീസ് ആക്ടിലെ 101 (6) വകുപ്പ് പ്രകാരം, ടി വകുപ്പിലെ 4 (എ) മുതൽ (ജെ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിരിക്കുന്ന ശിക്ഷണ നടപടികൾ സാധാരണയായി ഒരു പോലീസ് ഉദ്യോഗസ്ഥന്റെ സ്ഥാനക്കയറ്റത്തിന് തടസ്സമാകാറില്ല. എന്നാൽ പോലീസ് ഉദ്യോഗസ്ഥരുടെ ശിക്ഷണ നടപടിക്ക് കാരണമായ കുറ്റത്തിന്റെ തീവ്രത ഡി.പി.സി കൂടി പരിശോധിച്ച് ആണ് സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത്. |
| **സി)** ഇത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ? | **സി)** ഇതു സംബന്ധിച്ച് റൂൾസ് പുറപ്പെടുവിച്ചിട്ടില്ല. കേരളാ പോലീസ് ആക്ട് 2011-ൻമേൽ ഡ്രാഫ്റ്റ് റൂൾസ് തയ്യാറാക്കുന്നതിലേക്കായി ഒരു കമ്മിറ്റിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. . |

സെക്ഷൻ ഓഫീസർ